## “CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 22.11.2025

# വിജിലൻസ് കേസിൽ ശിക്ഷ അനുഭവിക്കാതെ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ അറസ്റ്റ് ചെയ്തു.

ആലപ്പുഴ ചേർത്തല താലൂക്ക് കടക്കറപ്പള്ളി മാവേലി സ്റ്റോറിൽ 1997 കാലഘട്ടത്തിൽ മാനേജരായിരുന്ന പൊന്നൻ.എൻ മാവേലി സ്റ്റോറിൽ നിന്നും 120 ക്വിന്റൽ പഞ്ചസാര തിരിമറി നടത്തി, സർക്കാരിന് ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ നഷ്ടമുണ്ടാക്കിയതിന് ആലപ്പുഴ വിജിലൻസ് യൂണിറ്റ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോട്ടയം വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. ഈ കേസിൽ പൊന്നൻ കുറ്റക്കാരനാണെന്ന് കോട്ടയം വിജിലൻസ് കോടതി കണ്ടെത്തി വിവിധ വകുപ്പുകളിലായി ഏഴ് വർഷം കഠിന തടവിനും 2 ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും 2010-ൽ ശിക്ഷ വിധിച്ചിരുന്നു. തുടർന്ന് പൊന്നൻ ഹൈക്കോടതിയിൽ അപ്പീൽ പോകുകയും, ഹൈക്കോടതി ശിക്ഷയിൽ ഇളവ് വരുത്തി വിവിധ വകുപ്പുകൾ പ്രകാരം 5 വർഷം കഠിന തടവിനും 2 ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും, കോടതിയിൽ കീഴടങ്ങുന്നതിനും ഉത്തരവായിരുന്നുവെങ്കിലും പ്രതി കോടതിയിൽ കീഴടങ്ങാതെ ഒളിവിൽ പോകുകയായിരുന്നു. തുടർന്ന് പൊന്നനെ ആലപ്പുഴ ചേർത്തലയിലെ വീട്ടിൽ നിന്നും ഇന്ന് (22.11.2025) രാവിലെ 10.20 മണിക്ക് വിജിലൻസ് സംഘം അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കി ജയിലിലടച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.